**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ കെട്ടിടത്തിന്റെ കാലപഴക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ നഗരത്തിലെ ഫയർ ആന്റ് റെസ്ക്യൂ ജില്ലാ കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ കാലപഴക്കം എത്ര വർഷമാണെന്ന് അറിയിക്കുമോ; | (എ) | ഏകദേശം എഴുപത് വർഷത്തിന് മുകളിൽ കാലപ്പഴക്കം ഉണ്ട്. |
| (ബി) | തകർച്ചയെ നേരിടുന്ന ഈ പഴയ കെട്ടിടത്തിന് പകരം പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, ആലപ്പുഴ ജില്ലാ ഫയർ ഓഫീസറുടെ കാര്യാലയം എന്നിവ പ്രവർത്തിയ്ക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) -2018 ഡി.എസ്.ആർ പ്രകാരം 1028 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആലപ്പുഴയിൽ മറ്റ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനെ അപേക്ഷിച്ച് ചെലവേറിയ "PILE Foundation' ആണ് നൽകിയിരിയ്ക്കുന്നത്. ഇക്കാര്യത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത പ്ലാനിലും എസ്റ്റിമേറ്റിലും ചില വിഷയങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ